

# അക്കാദമിക  മാസ്റ്റർ പ്ലാൻ

## ഗവ : ഹയർ  സെക്കൻഡറി  സ്കൂൾ , അകനാട്

# അക്കാദമിക  മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം


1. ആമുഖം
2. കാഴ്ചപ്പാട്
3. ലക്ഷ്യങ്ങൾ
4. വിദ്യാലയ ചരിത്രം
5. അവസ്ഥാവിശകലനം
6. മികവുകൾ  വെല്ലുവിളികൾ  (അക്കാദമിക് , ഭൗതികം, സാമൂഹികം  )
7. പ്രശ്നങ്ങൾ
8. പ്രശ്നവിശകലനം
9. പ്രവർത്തന വിശദാംശങ്ങളും  പ്രവർത്തന പദ്ധതികളും

# അക്കാദമിക  മാസ്റ്റർ പ്ലാൻ

## 1. ആമുഖം

മുടക്കുഴ പഞ്ചായത്ത് 12 വാർഡിൽ 50 വർഷത്തിൻെറ തലയെടുപ്പോടെ വിരാജിക്കുന്ന സരസ്വതി ക്ഷേത്രമാണ് GHSS അകനാട് കുറുപ്പംപടി ടൗണിൽ നിന്നും 4 km ഉള്ളിലേക്ക് കടന്ന് കുന്നുകളാലും സമതലങ്ങളാലും ചുറ്റപ്പെട്ട മനോഹരമായ പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് .

05 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 120 ഓളം കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു. ഭിന്നശേഷിക്കാരുൾപ്പെടെയുള്ള കുഞ്ഞുങ്ങൾക്ക് തങ്ങളുടെ കഴിവുകൾ പരമാവധി പ്രകടിപ്പിച്ചുകൊണ്ട് ശോഭിക്കാൻ സാധിക്കുന്നു. സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതി, ക്ലാസ് പി.റ്റി.എ., സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി , സ്കൂൾ വികസന സമിതി , മാതൃ സമിതി എന്നിവയുടെ ശക്തമായ പ്രവർത്തനങ്ങളോടെയും , പിന്തുണയോടെയും അക്കാദമികേതര പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുന്നു .

ഭൗതിക അക്കാദമിക സാമൂഹ്യ മേഖലകളിൽ സമഗ്ര ഗുണമേന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സ്കൂൾ ലക്ഷ്യമാക്കുന്നത്.

കൂടാതെ മികച്ച കമ്പ്യൂട്ടർ ലാബ് , സയൻസ് ലാബ് , Maths lab പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്രദമാകുന്ന രീതിയിൽ സജ്ജമാക്കിയിരിക്കുന്ന ഡിജിറ്റൽ ലൈബ്രറി , ആധുനീക സൗകര്യങ്ങളോടുകൂടിയ സെമിനാർ ഹാൾ എന്നിവയും ഇവിടെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നു .

## II. കാഴ്ചപ്പാട്

കുട്ടികളുടെ സർവതോത്മുഖമായ വികാസം ലക്ഷ്യം വച്ചുകൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

വിദ്യാലയത്തെ മികവിൻെറ കേന്ദ്രമാക്കുക

ശാരീരികവും മാനസീകവും ബൗദ്ധികവുമായ വികാസം ലക്ഷ്യംമിട്ടുകൊണ്ടുള്ള വിഷയാധിഷ്ഠിത പഠനം ഉറപ്പാക്കുക

ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക

പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ടഭൂമിയിലെ താത്കാലിക നിവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസനകാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കാൻ പ്രായോഗീക ശേഷി വളർത്തുന്ന രീതിയിലുള്ള മികച്ച വിഷയാധിഷ്ഠിത പഠനം .

### III. ലക്ഷ്യം

സ്കൂളിൽ എത്തുന്ന കുട്ടികൾ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന്

കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരാക്കി മാറ്റുന്നതിന്

അക്കാദമികവും കായികവും സർഗ്ഗപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കൽ പ്രാപ്തമാക്കുന്നതിന്.

കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുന്നതിന് എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും .

പരിസ്ഥിതി സൗഹാർദമായ അന്തരീക്ഷത്തിലൂടെ ആരോഗ്യപരമായ ജീവിതം കരുപിടിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുന്നു.

## <u>വിദ്യാലയ ചരിത്രം</u>

ഒരു സാധാരണ ഗ്രാമത്തിൻെറ എല്ലാ സവിശേഷതകളും ഉൾപ്പെടുന്ന ഒരു പ്രദേശമാണ് അകനാട് . 1948 ന് LP ആയി ആരംഭിച്ച ഈ സ്കൂൾ 1962 ന് UP ആയി ഉയർത്തപ്പെടുകയും . ..........................ൽ വീണ്ടും ഹൈസ്ക്കൂൾ ആയി മാറ്റുകയും ചെയ്തു. 1990 ൽ HSS ആരംഭിച്ചു എന്നാൽ സ്ഥലം കുറവ് വന്നതുമൂലം LP സ്കൂൾ ഇടയ്ക്കു വച്ച് വേറെയാവുകയും 5 മുതൽ 12 വരെ ക്ലാസ്സുകൾ ഇപ്പോഴുള്ള അവസ്ഥയിൽ തുടർന്ന് പോവുകയും ചെയ്യുന്നു . കഴിഞ്ഞ കുറെ വർഷങ്ങളായി SSLC ക്ക് ലഭിച്ച 100 % വിജയവും ശ്രദ്ധേയമാണ് അങ്ങനെ വിജ്ഞാനവും ഗ്രാമീണ അന്തരീക്ഷവും ഉൾകൊണ്ടുതന്നെ ഈ സ്കൂൾ വികസനത്തിൻെറ പാതയിലാണ്.

# നിലവിലുള്ള അവസ്ഥാവിശകലനം

**സ്കൂളിൻെറ പേര് : GHSS AKANAD**

**പഞ്ചായത്ത് - മുടക്കുഴ**

**വാർഡ്**

**ബ്ലോക്ക് - കൂവപ്പടി**

**വിദ്യാഭ്യാസജില്ല - കോതമംഗലം**

**റവന്യൂ ജില്ല - എറണാകുളം**

**HM -**

**ക്ലാസ്സുകൾ**

**5 മുതൽ 10 വരെയുള്ള ക്ലാസ്സ് സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് അധികവും എവിടെ പഠിക്കുന്നത്**

**ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ എണ്ണം**

| വിഭാഗം | 5 | | 6 | | 7 | | 8 | | 9 | | 10 | |
|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G | B | G |
| | 10 | 8 | 8 | 15 | 11 | 12 | 12 | 15 | 9 | 3 | 17 | 8 |

**വിഭാഗം**

**അദ്ധ്യാപക - അനദ്ധ്യാപക വിവരങ്ങൾ**

| വിഭാഗം | എണ്ണം |
|---|---|
| UP | 3 അധ്യാപകർ |
| HS | 5 |
| Work | 1 |
| CLERK | 1 |
| OFFICE ASSISTANT | 2 |
| SWEEPER | 1 |

**വിദ്യാലയത്തിലെ ഐ ടി അനുബന്ധ സാമഗ്രികൾ**

**കമ്പ്യൂട്ടർ : Nil**

**ലാപ്ടോപ്പ് : 22**

**പ്രൊജക്ടർ : 4**

## ലൈബ്രറി

**2000 ത്തിലധികം പുസ്തകങ്ങൾ നിലവിലുണ്ട് ഡിജിറ്റൽ ലൈബ്രറി ആയി നവീകരിച്ച് 2022 ലാണ്**

## V. നിലവിലെ അവസ്ഥാവിശകലനം

**5 മുതൽ 10 വരെ ക്ലാസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നു**

**ലാബ് , ലൈബ്രറി സൗകര്യങ്ങൾ ഉണ്ട്**

**Qualified ആയിട്ടുള്ള അധ്യാപകർ**

## പരിമിതി

**ഇംഗ്ലീഷ് ന് പ്രത്യേക അധ്യാപകർ ഇല്ല**

**Sports ന് അധ്യാപകൻ ഇല്ല**

## VI. മികവുകൾ വെല്ലുവിളികൾ (അക്കാദമിക് , ഭൗദീകം , സാമൂഹീകം )

**അക്കദമികം - മികവുകൾ**

**10 ക്ലാസ്സിൽ തുടർച്ചയായി 13 വർഷം 100 ശതമാനം വിജയം മികച്ച അധ്യാപകർ, ലാബ് , കമ്പ്യൂട്ടറൈസ്റ്റ് ക്ലാസ് റൂം , ലൈബ്രറി സൗകര്യങ്ങൾ ക്ലബ് പ്രവർത്തനങ്ങളുടെ മികവ്**

**അക്കാദമിക വെല്ലുവിളികൾ എല്ലാ വിഷയത്തിനും പ്രത്യേക അധ്യാപകരുടെ അഭാവം , ക്ലാസ് മുറികളുടെ അപര്യാപ്തത , കുട്ടികളുടെ താത്പര്യക്കുറവ് , ലബോറട്ടറി ആധുനിക വൽക്കരണം , ഭിന്നശേഷിക്കാരുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം , ഭിന്നശേഷിക്കാർക്കായി പ്രത്യേക അധ്യാപകരുടെ അഭാവം**

## ഭൗതീകം - മികവുകൾ

**മികച്ച ഓഡിറ്റോറിയം**

**മിനി തിയേറ്റർ**

**വിശാലമായ കളിസ്ഥലം**

**Swimming pool**

**പാർക്ക്**

**ഭൗതികം - വെല്ലുവിളികൾ**

**ക്ലാസ് മുറികളുടെ അഭാവം**

**നിലവിലെ ക്ലാസ് മുറികൾ അറ്റകുറ്റപണികൾ നടത്താത്തത്**

**ചുറ്റുമതിൽ**

**ജൈവ വൈവിധ്യപാർക്ക്**

**സ്പെഷ്യൽ കുട്ടികൾക്കായുള്ള പ്രത്യേക ശൗചാലയം**

**സാമൂഹിക മികവുകൾ**

**സാമൂഹികവുമായി ബന്ധപ്പെടാനും പ്രവർത്തനങ്ങൾ നടപ്പാക്കാനും സാധിക്കുന്നു .**

**ദിനാചരണങ്ങളോട് അനുസരിച്ച് ശുചീകരണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു.,**

**പി റ്റി എ , SMC etc പിന്തുണാ സംവിധാനം**

**സാമൂഹികം - വെല്ലുവിളികൾ**

**ദീർഘ വീക്ഷണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ തുടങ്ങുവാൻ ജില്ലാ പഞ്ചായത്ത് , പഞ്ചായത്ത് , MLA , MP തുടങ്ങിയവരുടെ ഇടപെടൽ കൂടുതലായി ആവശ്യമുണ്ട് .**

**സ്കൂൾ പൂർവ്വ വിദ്യാർത്ഥികളുടെ ഇടപെടൽ കൂടുതലായി ആവശ്യമുണ്ട്**

**സ്കൂൾ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയുള്ള പൂർവ്വ വിദ്യാർത്ഥികളുടെ ഇടപെടൽ കൂടുതലായി ആവശ്യമുണ്ട് പൂർവ്വ അധ്യാപകരുടെ സേവനം ലഭ്യമാക്കുക**

**പ്രശ്നങ്ങൾ**

**സ്കൂൾ കെട്ടിടത്തിൻെറ പുനരുദ്ധാരണം എല്ലാ വിഷയങ്ങൾക്കും അധ്യാപകരുടെ അപര്യാപ്തത**

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതികൾ |
|---|---|---|
| 1. നിലവാമുള്ള / ആവശ്യബോധമുള്ള കുട്ടികളെ സൃഷ്ടിക്കൽ<br>2. പൂർവ്വ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സേവനം<br>3. വിഷയസംബന്ധമായ പ്രശ്നങ്ങൾ | പൊതുപരീക്ഷകളുടെ അടിസ്ഥാനത്തിൽ നിയമനം ഉറപ്പാക്കുക<br><br>ഇവരുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക<br><br>പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തനത്തിലൂടെ പരിഹരിക്കുക | അധ്യാപകർ നടത്തുന്ന പൊതുപരീക്ഷ<br><br>സ്കൂൾ ക്ലബ് സമിതി<br><br>വിഷയ സ്ഥിതി LSG , PTA എന്നിവരുടെ തീരുമാനങ്ങൾ നടപ്പാക്കുക |

# അക്കാദമിക മാസ്റ്റർ പ്ലാൻ - UP SECTION

| | | | |
|---|---|---|---|
| 4 | ലക്ഷ്യങ്ങൾ | 1 | ഗണിത അവശ്യ ബോധം സൃഷ്ടിക്കൽ / പ്രായോഗിക തലം തിരിച്ചറിയൽ |
| | | 2 | ഗണിതം രസകരമാക്കൽ |
| | | 3 | ഗണിത ലാബ് നിർമ്മാണം |
| | | 4 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു |

| | | | |
|---|---|---|---|
| 1 | മേഖല | | ഗണിത പഠനം |
| 2 | പ്രശ്നം | | ഗണിതത്തെ കുട്ടികൾ ഭീതിയോടെ കാണുന്നു അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും കൈവരിച്ചിട്ടില്ല |
| 3 | പ്രശ്ന വിശലനം | 1 | സ്കൂൾതലത്തിലുള്ള മുന്നനുഭവങ്ങൾ |
| | | 2.. | അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് |
| | | 3. | അടിസ്ഥാന ആശയങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിൽ ബുദ്ധിമുട്ട് |
| | | 4. | വിഷയത്തെക്കുറിച്ചുള്ള ഉത്കണ്ഠ |
| | | 5. | രക്ഷിതാക്കളുടെ ബോധവൽക്കരണത്തിൻെറ അഭാവം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. ഗണിതത്തിലെ പ്രായോഗിക തലം തിരിച്ചറിയൽ | ഗണിതരൂപങ്ങൾ കൊണ്ട് വീട്<br>നിത്യ ജീവിതത്തിലെ ഗണിത സന്ദർഭങ്ങൾ കുറിച്ച് വയ്ക്കുക അതുമായി ബന്ധപ്പെട്ട ചർച്ച, ഗണിതാശയങ്ങൾ സൈഡ് ബോക്സിൽ ഉൾപ്പെടുത്തിയ ഗണിത കലണ്ടർ<br>Motivation Class | Maths Club ,<br>Maths Tr , HM | | | PTA |
| 2. ഗണിതം രസകരമാക്കൽ | ഗണിതം രസകരമാക്കൽ<br>ഗണിത PUZZLE , ഗണിത കേളികൾ , ഗണിത മാഗസിൻ , ഗണിത അസംബ്ലി തുടങ്ങിയവയിലൂടെ ഗണിതത്തോടുള്ള താത്പര്യം കുട്ടികളിൽ ഉണ്ടാക്കുക<br>ഗണിത ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങളും ജീവ ചരിത്രവും അവതരിപ്പിക്കൽ<br>പച്ചക്കറിയിൽ വരുന്നജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് അതുപയോഗിച്ച് വെജിറ്റബിൾ പെയിൻറിംഗ് ,ഗണിത നാടകങ്ങളുടെ അവതരണം | Maths Club ,<br>Maths Tr , | ഒരു പ്രാവശ്യം | | Maths Club<br>PTA |
| 3. ഗണിത ലാബ് | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു<br>നമ്പർ ചാർട്ട് , ജോമെട്രിക്കൽ ചാർട്ട് ഇവയുടെ നിർമ്മാണം , വർക്കിംഗ് മോഡൽ , സ്റ്റിൽ<br>മോഡൽഗണിത മാഗസിൻ നിർമ്മാണം<br>ഗണിത നിഘണ്ടു | Maths Club ,<br>Maths Tr , | ഒരു പ്രാവശ്യം | | ഗണിത ക്ലാസ്<br>PTA |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലീനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു . പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | Maths Tr സമർത്ഥരായ കുട്ടികൾ | ആഴ്ചയിൽ ഒരു പിരീഡ് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സയൻസ് ( UP SECTION )

| 1 | മേഖല | | ശാസ്ത്ര പഠനം |
|---|---|---|---|
| 2 | പ്രശ്നം | | ശാസ്ത്രത്തെ കുട്ടികൾ ഏറ്റവും ബുദ്ധിമുട്ടുള്ള വിഷയമായി കാണുന്നു , പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടാനുള്ള താത്പര്യക്കുറവ് .<br>ശാസ്ത്രതത്വങ്ങൾ പ്രായോഗീക സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള ശേഷിയില്ലായ്മ |
| 3 | പ്രശ്ന വിശകലനം | | ലഘുപഠനതന്ത്രങ്ങൾ ആവിഷ്കരിക്കൽ<br>സ്വയം തയ്യാറാക്കിയ ശാസ്ത്രകിറ്റുകൾ ഉപയോഗിച്ചുള്ള പരീക്ഷണനിരീക്ഷണങ്ങളി ലേർപ്പെടൽ |
| 4 | ലക്ഷ്യങ്ങൾ | | ശാസ്ത്രം നിത്യ ജീവിതത്തിൽ തിരിച്ചറിവ്<br>ശാസ്ത്ര തത്വങ്ങളെ തൊഴിലധിഷ്ഠിതമാക്കാനുള്ള പ്രവർത്തനങ്ങൾ<br>ശാസ്ത്രം രസകരമാക്കാനുള്ള പ്രവർത്തങ്ങൾ<br>ശാസ്ത്രത്തിന്റെ സ്വഭാവം തിരിച്ചറിയൽ<br>നൂതന ശാസ്ത്രം ` |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1.ശാസ്ത്രം നിത്യജീവിതത്തിൽ നിത്യജീവിതവുമായി ശാസ്ത്ര ആശയങ്ങളെ ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രായോഗീകത മനസിലാക്കാനുള്ള രീതികൾ അവലംബിക്കുന്നു | ജൈവ കൃഷിയുമായി ബന്ധപ്പെട്ട് ജൈവ കീടനാശിനികൾ ജൈവ വളങ്ങൾ മുതലായവയുടെ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | 500 | സയൻസ് ക്ലബ്ബ് |
| 2.ശാസ്ത്രതത്വങ്ങളെ തൊഴിലധിഷ്ഠിതമാക്കാനുള്ള പ്രവർത്തനങ്ങൾ | 1. നൂതന ശാസ്ത്രാശയങ്ങൾ വിവിധ മേഖലയിൽ പ്രയോജനപ്പെടുത്തിയിട്ടുള്ള സന്ദർഭങ്ങൾ നേരിട്ടറിയുവാനുള്ള പ്രവർത്തനങ്ങൾ<br>2. മത്സ്യ കൃഷി, കൂൺ കൃഷി , തേനീച്ച വളർത്തൽ , കോഴിവളർത്തൽ , മുയൽ വളർത്തൽ , ഡയറി ഫാമുകൾ , പുഷ്പ കൃഷി മുതലായവ സന്ദർശിച്ച് ഓരോ കൃഷികളേയും അടിസ്ഥാനപരമായി പരിചയപ്പെടുത്തുകയും കൃഷിരീതികൾ മനസ്സിലാക്കുകയും ചെയ്യു<br>3. കർഷകർ നടത്തുന്ന ക്ലാസ്സുകൾ | ആഗസ്റ്റ് - സെപ്റ്റംബർ | 1000 | സയൻസ് ക്ലബ്ബ്<br>PTA |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രം രസകരമാക്കൽ<br>a) കുട്ടികളിൽ ശാസ്ത്രാഭിരുചിവളർത്താൽ<br>b) ശാസ്ത്രത്തോട് കുട്ടികളെ അടുപ്പിക്കൽ<br>4. ശാസ്ത്രത്തിൻറ സ്വഭാവം തിരിച്ചറിയൽ<br>5. നൂതന ശാസ്ത്രം മുഖാമുഖം | 1. രസകരമായ ശാസ്ത്ര പ്രവർത്തനങ്ങൾ പരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം<br>2. വീടുകളിൽ നിന്നും പരിസരത്തുനിന്നും കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്രകിട്ടുകൾ തയ്യാറാക്കൽ<br>3. ശാസ്ത്ര ലാബിൻറ നല്ല രീതിയിലുള്ള ക്രമീകരണം . സ്വയം തയ്യാറാക്കിയ ശാസ്ത്ര കിറ്റുകൾ ഉപയോഗിച്ചുകൊണ്ടുള്ള പരീക്ഷണ നിരീക്ഷണം<br>4. പരീക്ഷണ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയ ശാസ്ത്ര ഡയറി<br>5. പരീക്ഷണ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയ ശാസ്ത്ര ഡയറി ശാസ്ത്രം നിരന്തരമാറ്റത്തിന് വിധേയമാണ് ശാസ്ത്രത്തിന് ക്രിയാത്മക മുഖവും നശീകരണ മുഖവുമുണ്ട് . ഈ സ്വഭാവങ്ങൾ സാധൂകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി ബുക്ക് ലെറ്റ് നിർമ്മാണം ആനുകാലികമാറ്റങ്ങൾ ഉൾപ്പെട്ട ശാസ്ത്രം ശാസ്ത്ര രംഗത്തെ കുതിച്ചുചാട്ടങ്ങൾ ശാസ്ത്രവുമായി ബന്ധപ്പെട്ട പുരസ്കാരങ്ങൾ നേടിയ ശാസ്ത്രജ്ഞരെ കുറിച്ചുള്ള വിവരങ്ങൾ , ചിത്രങ്ങൾ മുതലായവ ഉൾപ്പെടുത്തികൊണ്ടുള്ള മാഗസിൻ<br>പ്രൊജക്ടർ പ്രദർശനം | ജൂൺ - മാർച്ച് | 2500 | |

മേഖല : സാമൂഹ്യ ശാസ്ത്രം (UP )

പ്രശ്നം : ചരിത്രപരമായും ഭൂമിശാസ്ത്രപരമായും ഉള്ള കുട്ടികൾ കുറയുന്നു

പ്രശ്ന വിശകലനം : പാഠപുസ്തകങ്ങളിലൂടെ പഠിക്കുന്നുണ്ടെങ്കിലും പ്രായോഗീക സന്ദർഭങ്ങളിൽ ചരിത്രവും ഭൂമിശാസ്ത്രപരമായ അറിവുകൾ കുട്ടികളിൽ കുറഞ്ഞുവരുന്നു

ലക്ഷ്യങ്ങൾ : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ICT സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിഷയത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കുകയും ചരിത്ര ബോധമുള്ള പൗരന്മാരായി വാർത്തെടുക്കുകയും ചെയ്യുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ ( UP SECTION )

മേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1.സാമൂഹ്യ ശാസ്ത്രത്തിൻെറ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻെറ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു .<br><br><u>ഓർമ്മച്ചെപ്പ്</u><br>അന്തർ ദേശീയ തലം മുതൽ ജില്ലാ താളം വരെയുള്ള നദികൾ , ഭൂപ്രകൃതി , തലസ്ഥാനങ്ങൾ , വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി പ്രശ്നോത്തരി സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 2.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ ഉപയോഗിച്ച് പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാ വബോധം വളർത്തുന്നു. | | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | SS CLUB PTA |
| 3.പ്രകൃതി ദുരന്തങ്ങളെകുറിച്ച് മനസ്സിലാക്കി,രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം , സുനാമി , കൊടുങ്കാറ്റ് , വെള്ളപ്പൊക്കം , ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവൃതയെകുറിച്ച് മനസിലാക്കുകയും (ICT സാധ്യത ഉപയോഗിച്ച് ) അഗ്നി ശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ SS ക്ലബ് | PTA |
| 4.സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങു വെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ , ഇരകളായ വ്യക്തികൾ , രോഗ ശയ്യരായവൻ , അനാഥാലയങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു .മിതവ്യയ ശീലത്തിൻറെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ നാണ്യനിധി | അക്കാദമിക വർഷം | SS ക്ലബ് , SS TEACHERS | PTA |

| | | | | |
|---|---|---|---|---|
| | ഇവർക്ക് അധ്വാന ഹസ്തമാകുന്നു | | | |
| 5 വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെകുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻെറആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിൻെറയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റ കൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | SS ക്ലബ്, SS TEACHERS | |
| 6 ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ , എന്നിവയിൽ മാതാപിക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു . സ്കൂൾ പാർലമെൻറ് നടപ്പിലാക്കുന്നു. | അക്കാദമിക വർഷം | | |
| 7 സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയനിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷയെഴുതാൻ പ്രാപ്തി നേടും വിധം അറിവിൻെറ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്നു. ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ , ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : ഭാഷാപഠനം ( മലയാളം ) (UP )

പ്രശ്നം : ഭാഷയിലെ പിന്നോക്ക അവസ്ഥ

പ്രശ്ന വിശകലനം : ഭാഷയിലെ അടിസ്ഥാന ശേഷികളുടെ അഭാവം

ലക്ഷ്യങ്ങൾ : ഭാഷയുടെ അടിസ്ഥാന ശേഷി വികസനം - ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
പഠിതാവിൻ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക
മലയാളം കംപ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും
പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ.

മേഖല : മലയാളം (UP )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വാർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | എൻ്റെ അവധികാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ , കവിത ,യാത്രാനുഭവം , അനുഭവ കുറിപ്പ് ) അവതരിപ്പിക്കുന്നു<br>ഭാഷ കേളി<br>അക്ഷരങ്ങളും പദങ്ങളും അവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശു ദ്ധി വളർത്തുന്നു.<br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ഒരു മാസം<br>ഒരു മാസം<br>ഒരു മാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വറുത്തുക | വാർത്തലോകത്തേക്ക്<br>പത്രം , ആഴ്ചപ്പതിപ്പ് , മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചരാണ ശുദ്ധി വളർത്തുകയും ചെയ്യുന്നു .<br><br>ക്വിസ്<br>അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരങ്ങൾ നടത്തുന്നു . | എല്ലാ ദിവസവും<br>പ്രതിമാസം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. മലയാളം കംമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലയും | ഇ - കംമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കംമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊളിച്ച് കൊണ്ട് സ്കൂൾ മാഗസീൻ തയ്യാറാക്കുന്നു | രണ്ട് വർഷം<br>വർഷാവസാനം | മലയാളം, IT അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കരണം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ , ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി. റ്റി. എ. സ്കൂൾ | പി. റ്റി. എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| മേഖല | : | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം (UP & HS ) |
| പ്രശ്നം | : | താത്പര്യമുള്ള തൊഴിൽ മേഖലകൾ കണ്ടെത്താനും അത് പരിപോഷിപ്പിക്കാനുമുള്ള അവസരങ്ങളുടെ അഭാവം |
| പ്രശ്ന വിശകലനം | :: | കുട്ടികളുടെ താത്പര്യക്കുറവ് തൊഴിൽ ഉപകാരണങ്ങൾ നിർമ്മിക്കാനും പരീക്ഷിക്കാനുമുള്ള കുട്ടികളുടെ വൈമുഖ്യം . |
| ലക്ഷ്യങ്ങൾ | : | താത്പര്യമുള്ള പുതിയ മേഖലകളെ കണ്ടെത്തി പുതിയ ആശയങ്ങൾ രൂപീകരിക്കാൻ കുട്ടികളെ പ്രാപ്തമാക്കുന്നു.<br>പ്രായോഗീക സന്ദർഭങ്ങളിൽ തൊഴിൽ മേഖലയിൽ ആവശ്യമായ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നു. |

## അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| മേഖല | : | **അക്കാദമികം** |
| ഉപമേഖല | : | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം (WIE ) HIGH SCHOOL |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • വിദ്യാർത്ഥികൾക്ക് വ്യത്യസ്ഥ തൊഴിൽ മേഖലയിൽ ആവശ്യമായ നൈപുണ്യങ്ങൾ വികസിപ്പിക്കുക , പ്രായോഗീക പരിജ്ഞാനം വർദ്ധിപ്പിക്കുക | • ക്രിയേറ്റീവ് കോർണറിൻെറ സഹായത്തോടെ പരിസ്ഥിതി സൗഹൃദമായ ഉപകരണങ്ങൾ നിർമ്മിക്കാനും പരീക്ഷിക്കാനും വിദ്യാർത്ഥികളെ ത്സാഹിപ്പിക്കുക | ജൂൺ 2024 മുതൽ മാർച്ച് 2025 വരെ | • കൃഷി , ഫാഷൻ ഡിസൈൻ ,പാചകം , മരപ്പണി , പ്ലംബിംഗ് , എലക്ട്രിക്കൽ തുടങ്ങിയവയും മറ്റു സാധാരണ ആവശ്യമായ ഉപകരണങ്ങളും Creative Corner ൽ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാം |
| • സ്ഥിരമായ സുരക്ഷിതമായ തൊഴിൽ സാധ്യതകൾ നൽകുക | • വ്യത്യസ്ഥ തൊഴിൽ മേഖലയിലെ തൊഴിൽ ഉപകാരണങ്ങൾ പരിചയപ്പെടുത്തുക | | |
| • താത്പര്യമുള്ള മേഖലകളെ കണ്ടെത്താനും അതിൽ പുതിയ ആശയങ്ങൾ രൂപീകരിക്കാനും അറിവു പ്രാപ്തമാക്കാനും കുട്ടിയെ സജ്ജീകരിക്കുന്നു | • വിദ്യാർത്ഥികൾക്ക് വ്യവസായ സൗകര്യങ്ങളും അവയുടെ പ്രാപ്തികളും പഠിപ്പിക്കുക Exhibitors നടത്തുക | | |
| • തൊഴിൽ ഉദ്ഗ്രഥിത പഠനം കുറെ കൂടി ഗൗരവമായ തലത്തിലേക്ക് വളർത്തുകയും അടിസ്ഥാന വിദ്യാഭ്യാസം കാലഘട്ടം പൂർത്തിയാകുമ്പോഴേക്കും ഓരോ കുട്ടിയും സമൂഹത്തിലിടപെടാനും സ്വതന്ത്ര മായും യുക്തിസഹമായും ആശയ വിനിമയം ചെയ്യാനും പ്രാപ്തിനേടുക | • DIY പ്രൊജക്കുകൾ സംഘടിപ്പിക്കുക<br>• പ്രതിമാസ സൃഷ്ടി ചലഞ്ച് സംഘടിപ്പിക്കുക | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| മേഖല | : | ഭാഷാപഠനം - ഇംഗ്ലീഷ് (UP , HS ) |
| പ്രശ്നം | : | ഭാഷയിലെ പിന്നോക്കാവസ്ഥ |
| പ്രശ്ന വിശകലനം | :: | ഭാഷയിലെ അടിസ്ഥാന ശേഷികളുടെ അഭാവം , ഇംഗ്ലീഷ് ഭാഷാവിനിമയ ശേഷികുറവ് |
| ലക്ഷ്യങ്ങൾ | : | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു<br>ഭാവാത്മക വായന പരിശീലിപ്പിക്കുന്നു<br>തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു<br>ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു |

## അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| മേഖല | : | ഇംഗ്ലീഷ് UP |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | **Lend your ear : ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു . ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.**<br><br>**Follow me if you can : ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ്ശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനല്ല പരിശീലനം നൽകുന്നു.**<br><br>**Breaking news : ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു . ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.**<br><br>**One man show : ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു** | ഒരുമാസം<br><br>ഒരുമാസം<br><br>ഒരുമാസം<br><br>ഒരുമാസം | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | **ഇംഗ്ലീഷ് ക്ലബ്** |
| **2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു** | **I too can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായനക്കാർഡുകൾ ക്രമീകരിക്കുന്നു**<br><br>**തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു**<br><br>**Reader of the Month : ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ തെരഞ്ഞെടുക്കുന്നു** | ഒരുമാസം<br><br>മാസം തോറും | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | |
| **3.തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു** | **My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ തയ്യാറാക്കുന്നു**<br><br>**Alert Zone : സൂചന ബോർഡുകൾ , പോസ്റ്ററുകൾ , നോട്ടീസുകൾ എന്നിവ** | വർഷാവസാനം<br><br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ഇംഗ്ലീഷ്<br><br>അധ്യാപിക | |

| | | | | |
|---|---|---|---|---|
| | **തയ്യാറാക്കി പ്രദർശിപ്പിക്കുന്നു .** | | അധ്യാപിക | |
| **4.ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു** | **The Grand camp : കഥ പറയൽ , കഥയെഴുത്ത് , കവിത എഴുത്ത് , Role play, നാടകം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളുമായി ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു** | വർഷാവസാനം | അധ്യാപിക<br>അധ്യാപികൻ<br>പി റ്റി എ<br>രക്ഷിതാക്കൾ | |

മേഖല : ഗണിത പഠനം (HS )

പ്രശ്നം : പ്രശ്നം ഗണിതത്തെ കുട്ടികൾ ഭീതിയോടെ കാണുന്നു തൊഴിൽ സാധ്യതകൾ തിരിച്ചറിയുന്നില്ല.

പ്രശ്ന വിശകലനം :: സ്കൂൾ തലത്തിലുള്ള മുൻ അനുഭവങ്ങൾ അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് .

വിഷയത്തെ കുറിച്ചുള്ള ഉത്കണ്ഠ

അടിസ്ഥാന ആശയങ്ങൾ ഉപയോഗിച്ച് പ്രായോഗീക പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിൽ ബുദ്ധിമുട്ട് .

രക്ഷിതാക്കളുടെ ബോധവൽക്കരണത്തിംൻറ അഭാവം

കൃത്യമായ പഠനോപകാരണങ്ങളുടെ ലഭ്യത കുറവ്

ലക്ഷ്യങ്ങൾ : ഗണിതം ആവശ്യബോധം സൃഷ്ടിക്കൽ , പ്രായോഗീകതലം തിരിച്ചറിയൽ
ഗണിതം രസകരമാക്കൽ
ഗണിത ലാബ് നിർമ്മാണം
ഗണിത ലോകത്തേക്ക് ഒരു കാൽവയ്പ്പ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : ഗണിതം ( H S )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | കുട്ടികൾ കൈവരികേണ്ട ആശയങ്ങൾ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തി അനുജോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു . | ജൂൺ to മാർച്ച് | അധ്യാപകർ , രക്ഷകർത്താക്കൾ , മുന്നോക്കം നിൽക്കുന്ന കുട്ടികൾ | **ടീച്ചേഴ്സ് ഗ്രാൻറ്** |
| 2ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ | പഠിച്ച ആശയങ്ങൾ കൂട്ടൽ കുറയ്ക്കൽ ഹരണം എന്നിങ്ങനെ കൂടാതെ പലിശ ഇവയൊക്കെ മനസ്സിലാക്കാൻ പാകത്തിലുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും **field trip** നടത്തുകയും ചെയ്യുന്നു . | ജൂലൈ ആഗസ്റ്റ് തുടർ പ്രവർത്തനം എന്ന രീതിയിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്നു | അധ്യാപകർ , രക്ഷകർത്താക്കൾ PTA | **PTA** |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ . | പഠനോത്സവം സംഘടിപ്പിക്കുന്നു ക്ലബ്ബ് പ്രവർത്തനത്തിൻെറ ഭാഗമായി പ്രദർശനം സംഘടിപ്പിച്ച് ഗണിത രൂപങ്ങൾ വിശദീകരിക്കുന്നു | വർഷം ഒന്ന് . | PTA അധ്യാപകർ, ക്ലബ് കൺവീനർ | **സ്കൂൾ ഗ്രാൻറ്** |
| സംഘ ബോധം ഉണ്ടാക്കൽ | സെമിനാർ ഗ്രൂപ്പ് ഡിസ്കഷൻ , ഡിബേറ്റ് ഇവ സംഘടിപ്പിക്കുന്നു സഹകരണാത്മക പഠനം , സഹ വർത്തിത പഠനം ഇവ ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂലൈ to മാർച്ച് | അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത പാർക്ക് പച്ചക്കറി തോട്ടം ഇവ സംഘടിപ്പിക്കുന്നു | ഒഴിവു സമയങ്ങൾ | അധ്യാപകർ | **PTA** |
| ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൻ | ഗണിതക്ലബ്ബിൻെറ പ്രവർത്തനത്തിൻെറ ഭാഗമായി മത്സരത്തിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | **August To september** | PTA അധ്യാപകർ, ക്ലബ് കൺവീനർ | |
| ഗണിത ലാബ് | പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച ഉത്പന്നങ്ങൾ ശേഖരിച്ച് ഗണിത ലാബ് സജ്ജീകരിക്കുന്നു . | **June To March** | PTA അധ്യാപകർ,,ക്ലബ് അംഗങ്ങൾ | **PTA** |
| രക്ഷിതാക്കളെ ബോധവൽകരിക്കൽ | മാസത്തിൽ ഒരു പി ടി എ നടത്തുന്നു സ്കൂൾ പ്രവർത്തങ്ങൾ അവലോകനം നടത്തി പഠന പിന്തുണ പ്രവർത്തനങ്ങൾ ബോധ്യപ്പെടുത്തുന്നു. | **June To March** | H.M,അധ്യാപകർ, PTA | **PTA** |

| | | |
|---|---|---|
| മേഖല | : | സയൻസ് (HS ) |
| പ്രശ്നം | : | ശാസ്ത്രതത്വങ്ങളെ തൊഴിലധിഷ്ഠിത മാക്കാനുള്ള ശേഷി നേടുന്നില്ല |
| | | ശാസ്ത്രതത്വങ്ങൾ പ്രായോഗീക സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള ശേഷിയില്ലായ്മ |
| പ്രശ്ന വിശകലനം | :: | ശാസ്ത്രം നിത്യജീവിതത്തിൽ തിരിച്ചറിവ് |
| | | ശാസ്ത്രം രസകരമാക്കാനുള്ള പ്രവർത്തനങ്ങൾ ശാസ്ത്ര |
| | | ശാസ്ത്ര തത്വങ്ങളെ തൊഴിലധിഷ്ഠിതമാക്കാനുള്ള പ്രവർത്തനങ്ങൾ |
| | | ശാസ്ത്രത്തിൻെറസ്വഭാവം തിരിച്ചറിവ് |
| | | നൂതന ശാസ്ത്രം മുഖാമുഖം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| മേഖല | : | സയൻസ് - ഹൈസ്ക്കൂൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1 നവ ശാസ്ത്ര പ്രതിഭകൾ കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | ലാബിൽ ചെറു പരീക്ഷണങ്ങൾ ചെയ്യുന്നതിന് കുട്ടികൾക്ക് ആവശ്യമായ പിൻ തുണ നൽകുന്നു . കുട്ടികൾ ചെറുമോഡലുകൾ നിർമ്മിക്കുന്നു , പൊതുവേദി , സ്കൂൾ അസംബ്ളി തുടങ്ങിയ ഇടങ്ങളിൽ പ്രദർശിപ്പിക്കുന്നു . | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | പി റ്റി എ |
| 2. ശാസ്ത്ര മാസിക ചാന്ദ്ര ദിനവുമായി ബന്ധപ്പെട്ട് സയൻസ് മാസിക പ്രസിദ്ധീകരിക്കുന്നു | കുട്ടികൾ ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് ബഹിരാകാശഗവേഷണം , ചാന്ദ്ര പര്യവേക്ഷണം എന്നിവയുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയ്യാറാക്കുന്നു . ശേഷം അധ്യാപികയുടെ സഹായത്തോടെ ക്രോഡീകരിച്ച് സയൻസ് മാസിക തയ്യാറാക്കുന്നു . സ്കൂൾ അസംബ്ളിയിൽ പ്രദർശിപ്പിക്കുന്നു . സ്കൂൾ ലൈബ്രറിക്ക് കൈമാറുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| 3.പീരിയോഡിക് ടേബിൾ നിർമ്മാണം ശാസ്ത്ര അഭിരുചി വളർത്തുന്നതിനും , ശാസ്ത്ര ചരിത്ര വഴികൾ മനസ്സിലാക്കുന്നതിനും | കുട്ടികൾ ചെറു ഗ്രൂപ്പുകാലായി തിരിഞ്ഞ് പീരിയോഡിക് ടേബി ളിലെ ഓരോ മൂലകങ്ങളുടേയും അറ്റോമിക് നമ്പർ , ചിഹ്നം , ഇലക്ട്രോൺ വിന്യാസം എന്നിവ ചാർട്ട് പേപ്പറിൽ എഴുതി പ്ലക്കാർഡ് തയ്യാറാക്കുന്നു. 118 മൂലകങ്ങളുടെ എഴുതി തയ്യാറാക്കികുട്ടികൾ സ്കൂൾ ഗ്രൗണ്ടിൽ അണിനിരന്ന് പീരിയോഡിക് ടേബിൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ 8,9 ക്ലാസ്സിലെ കുട്ടികൾ | സയൻസ് ക്ലബ് |
| 4 നേർക്കാഴ്ച കാടിനേയും കാട്ടുമൃഗങ്ങളെയും കൂടുതൽ അടുത്തറിയുന്നത് കോടനാട് - അഭയാരണ്യ കാടുകളിലേക്ക് ഫീൽഡ് ട്രിപ്പ് | അധ്യാപകരുടെ നേതൃത്വത്തിൽ അഭയാരണ്യം ആനവളർത്താൽ കേന്ദ്രത്തി ലേക്ക് ഒരു കാനന യാത്ര . യാത്ര കുറിപ്പ് തയ്യാറാക്കുകയും Documentation നടത്തുന്നതിനും കുട്ടികളെ ചുമതലപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് PTA |
| 5.പരിസ്ഥിതി സൗഹൃദം പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ഉള്ള സൗകര്യത്തിൽ ഔഷധ തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ,മീൻകുളത്തിലെ കൂത്താടി നിർമ്മാർജ്ജനം | അക്കാദമിക വർഷം | വിവിധ ക്ലാസുകൾ , ഹരിതകർമ്മസേന | PTA കൃഷിവകുപ്പ് |
| 6. വിജ്ഞാന ബഹിർസ്ഫുരണം | ഓരോ ആഴ്ചയിലേയും പത്ര മാധ്യമങ്ങളിൽ നിന്നുള്ള പൊതു | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| **വൈഞ്ജാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ** | **വിജ്ഞാനത്തെ ആസ്വദമാക്കി ക്വിസ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക ബുധനാഴ്ച അസംബ്ളിയിൽ വിജയിയെ പ്രഖ്യാപിക്കുക . പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.** | | സയൻസ് അധ്യാപകൻ 10 -ാം ക്ലാസ്സിലെ കുട്ടികൾ<br><br>സയൻസ് പരിസ്ഥിതി ക്ലബ് | സയൻസ് പരിസ്ഥിതി ക്ലബ് |
| **7. പരീക്ഷണശാല സജ്ജമാക്കൽ സഹവർത്തിത്വം , സേവനമനോഭാവം വളർത്തൽ** | **സയൻസ് ലാബ് കുട്ടികളുടെ സഹകരണത്തോടെ നവീകരിക്കുന്നു** | അക്കാദമിക വർഷം | സയൻസ് ക്ലബ് | **PTA** |

മേഖല : സോഷ്യൽ സ്റ്റഡീസ് (HS )

പ്രശ്നം : പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി ചെയ്യിക്കുക

പ്രശ്ന വിശകലനം : ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു ചരിത്രം വായിക്കാൻ പ്രേരിപ്പിക്കുന്നു . മഹാന്മാരുടെ ചിത്രങ്ങൾ ദിനപത്രങ്ങൾ വായിച്ച് കൂടുതൽ അറിവ് നേടുന്നു

ലക്ഷ്യങ്ങൾ : മഹാന്മാരുടെ ചരിത്രം പഠിക്കുന്നതിലൂടെ അറിയുന്നതിലൂടെ മനസ്സിലാകുന്നതിലൂടെ അവരെ മാതൃകയാക്കി ജീവിക്കുവാനുള്ള താത്പര്യം കുട്ടികളിൽ ജനിപ്പിക്കുന്നു

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : സോഷ്യൽ സ്റ്റഡീസ് (HS ) - ഹൈസ്ക്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ | രാഷ്ട്രീയ പ്രമുഖരെ സ്കൂളിലേക്ക് വിളിച്ച് ഇൻറർവ്യൂ പാർലമെൻറ് സന്ദർശനത്തിന് പ്രാധാന്യം കുട്ടികളെ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾതലത്തിൽ മാതൃക പാർലമെൻറ് സംഘടിപ്പിച്ച് | 3 Months | Teachers<br>PTA<br>SMC | **1000** |
| പഠന യാത്രകൾ പ്രത്യക്ഷാൻ ഭവത്തിലൂടെ പാര്യവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 6 മാസത്തിലൊരിക്കൽ | SRG | **20000**<br>**(Sponsers)** |
| സ്കൂളിൻെറ ഭിത്തികളിൽ നടൻ കലാരൂപങ്ങൾ , മഹാന്മാരുടെ ചിത്രങ്ങൾ ആലേഖനം ചെയ്യുക പ്രവൃത്തി പരിചയമേളയിൽ തൊഴിൽ പരിശീലനം | കാലാഭിരുചിയിൽ (ചിത്രകല ) മുന്നിട്ടുനിൽക്കുന്ന കുട്ടികളുടേയും മറ്റു അധ്യാപകരുടേയും സഹായത്തോടെ | **1 yrs** | Arts club | |
| സമുചിതമായ ദിനാചരണങ്ങൾ സാമൂഹ്യ സാംസ്കാരിക ജനാധിപത്യ , മാനവിക സമൂഹങ്ങളെ ശക്തിപ്പെടുത്താൽ | ജൂൺ 5 , ജൂലൈ 11 , ഓഗസ്റ്റ് 6 , 9 , 15 , സെപ്റ്റംബർ 16 etc ദിനാചരണങ്ങളിലൂടെ ആ ദിനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും മറ്റ് മാനവീകമൂല്യങ്ങൾ കുട്ടികളിൽ സാംശീകരിക്കുക. | **1 yrs** | S.S ..Club | |
| സാമൂഹീക , ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ ദിനപത്ര വായനയെ പ്രോത്സാഹിപ്പിക്കൾ | എല്ലാ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുക ദിനപത്രപ്രശ്നോത്തരി സംഘടിപ്പിച്ച് കുട്ടികളിൽ സാമൂഹീക ,സാംസ് കാരിക , വിദ്യാഭ്യാസ , രാഷ്ട്രീയ അവബോധം കുട്ടികളിൽ ഊട്ടിഉറപ്പിക്കുക. | **1 yrs** | s.s.Club | |

മേഖല : ഭാഷാപഠനം ( മലയാളം ) (HS )

പ്രശ്നം : ഭാഷയിലെ പിന്നോക്കാവസ്ഥ

പ്രശ്ന വിശകലനം : ഭാഷയിലെ അടിസ്ഥാന ശേഷികളുടെ അഭാവം

ലക്ഷ്യങ്ങൾ : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ
ഭാഷ പ്രയോഗശേഷി ആർജിക്കൽ
ശ്രവണ ഭാഷണം വായന ലേഖനം എന്നിവയിൽ മികവ് ഉണ്ടാക്കുക സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : മലയാളം (HS )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| **ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ** | **ഭാഷാപരമായ പിന്നോക്കംനിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്** | ജൂൺ - ജൂലൈ | അധ്യാപകർ, BRC, IIED, TRAINER | **PTA** |
| **കുട്ടിയെ മികച്ച വായനക്കാരനാക്കുക** | **ദിനാചരണങ്ങൾ<br>വായനശാല രൂപീകരിക്കാൻ<br>പത്ര വായന<br>വിദ്യാരംഭം കലാസാഹിത്യവേദി പ്രവർത്തനം** | 6 മാസം | അധ്യാപകർ<br>രക്ഷിതാക്കൾ | **PTA<br>BRC** |
| **ഭാഷാശേഷി വികസനത്തിനായി ആധുനിക വിദ്യാഭ്യാസ സാധ്യതകൾ (ICT ) പരമാവധി പ്രയോജനപ്പെടുത്തുക** | **വീഡിയോ ക്ലാസുകൾ<br>കുട്ടികളുടെ വീഡിയോ നിർമ്മാണം** | 1 മാസം | അധ്യാപകർ<br>രക്ഷിതാക്കൾ | **PTA** |
| **സർഗ്ഗശേഷി വികസനം** | **സാഹിത്യ ക്വിസ്<br>മാസിക പ്രസിദ്ധീകരിക്കൽ<br>കഥ, കവിത, മത്സരം** | വർഷത്തിലൊന്ന് | വിദ്യാരംഭം | **PTA** |
| **സദസിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക** | **പതിപ്പ് തയ്യാറാക്കൽ<br>കഥ കവിത പ്രസംഗമത്സരങ്ങൾ<br>സാഹിത്യ ക്വിസ്** | 6 മാസം<br>മുതിർന്നകുട്ടികൾ | അധ്യാപകർ | **PTA** |
| **ഭിന്നശേഷിക്കാരെ പരിഗണിക്കുക** | **കവിതാലാപനം<br>കഥപറയൽ<br>നൃത്തം** | 1 വർഷം | അധ്യാപകർ<br>മുതിർന്നകുട്ടികൾ | **BRC** |
| **ദിനാചരണങ്ങൾ** | **ദിനാചരങ്ങളോടനുബന്ധിച്ചുള്ള മത്സരങ്ങൾ** | വർഷത്തിൽ പ്രധാനദിനങ്ങൾ | അധ്യാപകർ | **PTA** |
| **കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക** | **വ്യക്തിഗത രചന<br>സംഘരചന** | 1 വർഷം | അധ്യാപകർ<br>രക്ഷിതാക്കൾ | **PTA** |